**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2875** **03-08-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ സ്മാർട്ട് അംഗൻവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സമഗ്ര ശിശുവികസന പരിപാടിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ എത്ര അംഗൻവാടികൾ സ്മാർട്ട് അംഗൻവാടികളാക്കി ഉയർത്തിയിട്ടുണ്ട് എന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ; | (എ) | കോതമംഗലം നിയോജക മണ്ഡലത്തിലെ നെല്ലിക്കുഴി ഗ്രാമ പഞ്ചായത്തിലെ 66ാം നമ്പർ അങ്കണവാടിയ്ക്ക് സ്മാർട്ട് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സ്മാർട്ട് അംഗൻവാടികളിൽ കുട്ടികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ; | (ബി) | അങ്കണവാടികളിൽ എത്തുന്ന കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് സ്മാർട്ട് അങ്കണവാടി പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്. ക്ലാസ്സ്റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ-ഏരിയ, കിച്ചൺ, ക്രിയേറ്റീവ് സോൺ, ഡൈനിംഗ് ഏരിയ, ബേബി ഫ്രണ്ട്ലി ടോയ് ലറ്റ് തുടങ്ങിയ സൗകര്യങ്ങൾ സ്മാർട്ട് അങ്കണവാടികളിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിലെ സ്മാർട്ട് അംഗൻവാടി ആയി ഉയർത്തുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുള്ള അംഗൻവാടികൾ പൂർണ്ണ തോതിൽ സ്മാർട്ട് അംഗൻവാടികളായി പ്രവർത്തന സജ്ജമായിട്ടുണ്ടോ; ഇവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (സി) | ഇല്ല. നിർമ്മാണാനുമതി നൽകിയ കോതമംഗലം നിയോജക മണ്ഡലത്തിലെ നെല്ലിക്കുഴി ഗ്രാമ പഞ്ചായത്തിലെ 66ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ തറക്കല്ലിടൽ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | മണ്ഡലത്തിലെ കൂടുതൽ അംഗൻവാടികൾ ഇപ്രകാരം ഉയർത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി LSGD വിഹിതം ഉറപ്പാക്കുന്ന പക്ഷം ഭരണാനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ